**Most Urgent/ Action today**

**കേരള സർക്കാർ**

നമ്പർ 650901/ എസ്.എഫ്.സി ബി2/17 /ധന

ധനകാര്യ (എസ്.എഫ്.സി സെൽ ബി)വകുപ്പ്.
തിരുവനന്തപുരം ,
തീയതി. 13.11.2019

അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)

പഞ്ചായത്ത് ഡയറക്ടർ
ഡി ബി റ്റി സെൽ , തിരുവനന്തപുരം

ഡയറക്ടർ
നഗരകാര്യ വകുപ്പ്

സർ ,

വിഷയം: ധനകാര്യ വകുപ്പ്-സാമൂഹ്യ സുരക്ഷാ പെൻഷൻ - മസ്റ്ററിംഗ്- സംബന്ധിച്ച്

സൂചന: 21/10/2019 ൽ ബഹു ധനകാര്യ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗ മിനിട്സ്

മേൽ സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. 29/06/2019 മുതൽ കരകുളം ഗ്രാമപഞ്ചായത്തിൽ നടത്തിയ പൈലറ്റ് സർവ്വേ പ്രകാരം ഗുണഭോക്താവ് മരണപ്പെട്ട ശേഷവും പെൻഷൻ അനുവദിക്കപ്പെട്ട 338 കേസുകൾ കണ്ടെത്തുകയുണ്ടായി. അതായത് ആകെ ഗുണഭോക്താക്കളുടെ 5% പേരാണ് ഇത്തരത്തിൽ ഗുണഭോക്താവ് മരണപ്പെട്ട ശേഷവും മറ്റുള്ളവർ ( അനന്തരാവകാശികൾ ) അനർഹമായി സമൂഹ്യ സുരക്ഷാ പെൻഷൻ കൈപറ്റിയതായി കണ്ടെത്തിയിട്ടുള്ളത്. സംസ്ഥാനത്ത് ആകെ 4689419 പേരാണ് സാമൂഹ്യ സുരക്ഷാ പെൻഷൻ പെൻഷൻ വാങ്ങുന്നത്. ഇതിന്റെ 5% എന്നത് 234470 പേരോളം വരുന്നതാണ്. ഇവർക്ക് പെൻഷൻ നൽകുന്നതിലേക്ക് പ്രതിമാസം 29 കോടി രൂപ അനർഹമായി നൽകേണ്ടതായി വരുന്നു. ഇത് തടയുന്നതിലേക്ക് നിലവിൽ പെൻഷൻ വാങ്ങുന്ന എല്ലാ ഗുണഭോക്താക്കളുടെയും ബയോമെട്രിക്ക് മസ്റ്ററിംഗ് നടത്തേണ്ടതുണ്ട്. ഇതിലേക്ക് **ജീവൻ രേഖ** എന്ന സോഫ്റ്റ് വെയർ തയ്യാറാക്കിയിട്ടുണ്ട്.ജീവൻ രേഖ സോഫ്റ്റ് വെയർ ഉപയോഗിച്ചു കൊണ്ട് ഗുണഭോക്താക്കൾക്ക് **അക്ഷയ കേന്ദ്രങ്ങൾ** മുഖാന്തിരം മസ്റ്ററിംഗ് നടത്താവുന്നതാണ്. സംസ്ഥാനമൊട്ടാകെ മസ്റ്ററിംഗ് നടത്തുന്നതിലേക്ക് ചുവടെ ചേർത്തിരിക്കുന്ന സമയ ക്രമം തീരുമാനിച്ചിട്ടുണ്ട്.

- 13/11/2019 മുതൽ 30/11/2019 വരെ - കോർപ്പറേഷൻ/ മുനിസിപ്പാലിറ്റികളിലെ ഗുണഭോക്തക്കൾ
- 18 /11/2019 മുതൽ 30/11/2019 - ഗ്രാമ പഞ്ചായത്തുകളിലെ ഗുണഭോക്താക്കൾ
- 13/11/2019 മുതൽ 30/11/2019- ക്ഷേമനിധി ബോർഡുകളിലെ ഗുണഭോക്താക്കൾ
- 01/12/2019 മുതൽ 05/12/2019 - കിടപ്പ് രോഗികളുടെ മസ്റ്ററിംഗ്.

മസ്റ്ററിംഗിന്റെ ഫീസ് സർക്കാർ നൽകുന്നതാണ്. ഗുണഭോക്താവ് അക്ഷയയിൽ ഫീസ് നൽകേണ്ടതില്ല.

മസ്റ്ററിംഗ് നടത്താത്ത ഗുണഭോക്താക്കൾക്ക് അടുത്ത ഗഡു മുതൽ പെൻഷൻ അനുവദിക്കുന്നതല്ല.

കിടപ്പ് രോഗികളുടെ മസ്റ്ററിംഗ് അക്ഷയ കേന്ദ്രം പ്രതിനിധികൾ 01/12/2019 മുതൽ 05/12/2019 വരെ വീട്ടിൽ വന്ന് ചെയ്യുന്നതായിരിക്കും. അങ്ങനെയുള്ളവരെ സംബന്ധിച്ച വിവരങ്ങൾ അവരുടെ കുടുംബാംഗം 29/11/2019 നകം ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയെ അറിയിക്കേണ്ടതാണ്. ഇങ്ങനെ ലഭിക്കുന്നവരുടെ ലിസ്റ്റ് പ്രാദേശിക സർക്കാർ സെക്രട്ടറി അവരുടെ അതിർത്തിയിലുള്ള ബനധപ്പെട്ട അക്ഷയ കേന്ദ്രത്തെ 30/11/2019 ന് അറിയിക്കേണ്ടതാണ്.

ഇത് സംബന്ധിച്ച അറിയിപ്പ് എല്ലാ പ്രാദേശിക സർക്കാർ സെക്രട്ടറിമാരേയും അറിയിക്കാൻ താൽപര്യപ്പെടുന്നു.

വിശ്വസ്തതയോടെ

സുരേഷ് കുമാർ ഒ ബി

ഡെപ്യൂട്ടി സെക്രട്ടറി (ധനകാര്യം)

ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിക്ക് വേണ്ടി

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്

സെക്ഷൻ ഓഫീസർ

13/11/19